"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

മത്സ്യബന്ധന തുറമുഖ വകുപ്പ് - തലായ് ഗോപാലപേട്ട ഫിഷിങ് ഹാർബറിൽ ഫിംഗർ ജെട്ടി നിർമ്മിക്കുന്നതിലേക്കായി തത്വത്തിൽ ഭരണാനുമതി നൽകി - ഉത്തരവാകുന്നു.

---

**മത്സ്യബന്ധന തുറമുഖ (ബി)**
**വകുപ്പ്**

**സ.ഉ.(സാധാ) നം.184/2019/മ.തു.വ** തീയതി,തിരുവനന്തപുരം, 02/03/2019

---

പരാമർശം:- 1

26.06.14 ലെ സ.ഉ.(സാ.ധാ)നം.519/2014/മതുവ നമ്പർ സർക്കാർ ഉത്തരവ്.

2

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 08.02.19 ലെ ഡി8/2067/2010/സി.ഇ. നമ്പർ ഉത്തരവ്.

## ഉത്തരവ്

പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം തലായ് മത്സ്യബന്ധന തുറമുഖ നിർ മ്മാണത്തിനായി 3479.50 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവായിരുന്നു. 50% കേന്ദ്ര വിഹിത പദ്ധതിയായി നടപ്പാക്കിയ ഈ മത്സ്യബന്ധന തുറമുഖത്തിൽ 363 ലക്ഷം രൂപ ഭരണാനുമതി തുകയിൽ ബാക്കി നിൽപ്പുണ്ടെന്നും മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിന് മുമ്പ് ചാലിൽ ഗോപാലപേട്ട ഫിഷ് ലാന്റിംഗ് സെന്റർ ഉണ്ടായിരുന്നുവെന്നും ഇവിടെ നിർമ്മിച്ചിട്ടുള്ള ലേലപ്പുരയും മറ്റ് അനുബന്ധ സൗകര്യങ്ങളും പൂർണ്ണ തോതിൽ ഉപയോഗപ്രദമാക്കാനും ബോട്ടുകൾ ബർത്ത് ചെയ്ത് മത്സ്യം ഇറക്കാനും ഫിംഗർ ജെട്ടി നിർമ്മാണത്തിലൂടെ സാധിക്കുമെന്നും ആയതിനാൽ ഫിംഗർ ജെട്ടിയുടെ 371 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രസ്തുത പദ്ധതിയിലെ സംസ്ഥാന വിഹിതമായി 4405-104-84-തലായ് മത്സ്യബന്ധന തുറമുഖം എന്ന ശീർഷകത്തിൽ ഭരണാനുമതി സ്റ്റേറ്റ് വിഹിതമായി ലഭ്യമാക്കുന്നതിനുമാണ് ചീഫ് എഞ്ചിനീയർ പരാമർശം(2) ആവശ്യപ്പെട്ടുകയുണ്ടായി.

സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. തലായ് ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട Centrally Sponsored Scheme ൽ സംസ്ഥാന വിഹിതത്തിൽ ബാക്കി നിൽക്കുന്ന തുക ഉപയോഗിച്ച് തലായ് ഫിഷിംഗ് ഹാർബറിനു സമീപമുള്ള ഗോപാലപ്പേട്ട ഭാഗത്ത് ഫിംഗർ ജെട്ടിനിർമ്മാണത്തിന് തത്വത്തിൽ ഭരണാനുമതി നൽകി ഉത്തരവാകുന്നു. ഇതിനു വേണ്ടി വരുന്ന തുക 4405-104-84- തലായ് മത്സ്യബന്ധന തുറമുഖം എന്ന ശീർഷകത്തിൽ നിന്നും വകയിരുത്താവുന്നതാണ്. അധികം വേണ്ടി വരുന്ന തുക അടുത്ത സാമ്പത്തിക വർഷത്തെ സംസ്ഥാന വിഹിതത്തിൽ നിന്നും അനുവദിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഗിരിജ കുമാരി.ജി**

**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ധനകാര്യവകുപ്പ് ( 02.03.19 ലെ ഡെവ–3/871/2018–ധന നം കുറിപ്പ് പ്രകാരം)

ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ